# ന്യൂലൈഫ്
**ബൈബിൾ പഠന കോഴ്സ്**

പേര്...............................................

# ക്രിസ്തീയ ജീവിതം

**ഒരു പുതിയ ജീവിതം** **യൂണിറ്റ് A**

## പഠനം 1. ഒരു ക്രിസ്ത്യാനിക്ക് പുതിയ ജീവിതം ഉണ്ട്

**വായിക്കുക: യോഹന്നാൻ 3:1–8 & യോഹന്നാൻ 1:12–13**

**താക്കോൽവാക്യം:– യോഹന്നാൻ 3:5**

**"ആമേൻ ആമേൻ ഞാൻ നിന്നോട് പറയുന്നു. വെള്ള ത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല" എന്ന് യേശു ഉത്തരം പറഞ്ഞു.**

ക്രിസ്തീയജീവിതത്തെക്കുറിച്ച് നാം നോക്കുന്നതിന് മുമ്പ് അത് എങ്ങനെ ആരംഭിച്ചു എന്ന് ഒരു വിചിന്തനം ചെയ്യാം. ദൈവത്തിൽ നിന്നും പുതിയ ജീവൻ നാം സ്വീകരിച്ചപ്പോഴാണ് ക്രിസ്തീയജീവി തത്തിന് ആരംഭം കുറിച്ചത്. ഈ പുതുജീവൻ എന്നു പറയുന്നത്:

1. **ആത്മീയമാണ്:** നമുക്ക് പുതിയ ശരീരങ്ങൾ ലഭിക്കുകയെ ന്നല്ല പുതിയ ജീവൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരു പുതിയ സ്വഭാവമാണ് നൽകപ്പെടുന്നത്. ദൈവാത്മാവിനാൽ വീണ്ടും ജനിക്കുക എന്നാണ് ഇത് കൊണ്ട് അർത്ഥമാക്കുന്നത് **(യോഹന്നാൻ 3:6)**

2. **ദൈവത്തിൽ നിന്നുള്ളതാണ്:** ദൈവമാണ് നമുക്ക് ഈ ആത്മീയ 'പുതുജീവൻ' നൽകുന്നത്. വീണ്ടും ജനിക്കുക യെന്നാൽ ദൈവത്തിൽ നിന്നും അഥവാ മുകളിൽ നിന്നും ജനിക്കുക എന്നാണ്. ഇത് നാം മാതാപിതാക്കളിൽ നിന്നും സ്വീകരിക്കുന്ന ഒന്നല്ല. ഇത് നമ്മുടെ നല്ല ജീവിതശൈലിയിലൂടെ നേടാവുന്നതോ പണം കൊടുത്ത് വാങ്ങാവുന്നതോ അല്ല. ഇത് ദൈവത്തിന്റെ ദാനമാണ്. **(യോഹ. 1:12 & 13 വീണ്ടും വായിക്കുക)**

3. **നിത്യമാണ്:** ഇതിന്റെ അർത്ഥം ഇത് ഒരിക്കലും അവസാനി ക്കാത്തതും നമ്മിൽ നിന്നും ഒരിക്കലും എടുത്തു കളയാത്തതും എന്നതാണ് **(യോഹ. 10:28)**

ദൈവത്തിൽ നിന്നും പുതുജീവൻ പ്രാപിച്ച ഒരു ക്രിസ്ത്യാനിയെ വിശേഷിപ്പിക്കുന്ന ചില വാചകങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

### ഒരു ക്രിസ്ത്യാനി ദൈവത്തിന്റെ പൈതലാണ്.

***1 യോഹന്നാൻ 3:1 & 2 വായിക്കുക.*** നമ്മുടെ സ്വാഭാവിക ജനനത്തി ലൂടെ നാം ദൈവത്തിന്റെ മക്കളാകുന്നില്ല. ദൈവം എല്ലാ സ്ത്രീ-പുരുഷന്മാരുടേയും സൃഷ്ടിതാവാണെന്ന് പറയുന്നതും എല്ലാവ രുടേയു പിതാവാണെന്നു പറയുന്നതും ഒരേ ആശയമല്ല. ദൈവം കുറച്ചുപേരുടെ പിതാവാണെന്നും മറ്റുള്ള കുറച്ചുപേർക്ക് ദൈവം പിതാവായിട്ട് ഇല്ല എന്നും യേശുകർത്താവ് ***യോഹന്നാൻ 8:42***-ൽ പറയുന്നു. ലോകത്തിൽ രണ്ട് "കുടുംബങ്ങളിലെ" ആളുകൾ ഉണ്ട്- ആദാമിന്റെ "കുടുംബവും"' (പിശാചിന്റെ)- ദൈവത്തിന്റെ "കുടും ബവും". ഈ ലോകത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞും "ആദാ മി"ന്റെ കുടുംബത്തിലാണ് ജനിക്കുന്നത്. ഒന്നാമത്തെ മനുഷ്യൻ എന്ന നിലയിൽ അവനാണ് പിശാചിന്റെ കുടുംബത്തിന്റെ തലവൻ. അവൻ എങ്ങനെ ദൈവത്തോട് എതിർത്തുവെന്നും ദൈവത്തിന്റെ ഏറ്റവും വലിയ ശത്രുവായ സാത്താനോട് (പിശാച്) എങ്ങനെ ചേർന്നു നിന്നുവെന്നും ഓർക്കുക. ഈ വലിയ കുടുംബത്തിലെ അംഗങ്ങൾ എന്ന നിലയിൽ നമുക്ക് എല്ലാവർക്കും മനുഷ്യശരീര ങ്ങൾ ഉണ്ട്. എന്നാൽ അതോടൊപ്പം പാപത്താൽ വീണുപോയതായ സ്വഭാവങ്ങളും ഉണ്ട്. ഈ ലോകത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞും ഈ കുടുംബത്തിലേക്കാണ് ചേർക്കപ്പെടുന്നത്. ഈ ശിശുവിന് ഒരു മനുഷ്യശരീരം ഉണ്ടെങ്കിലും വീണുപോയതായ പാപസ്വഭാ വവും ഉണ്ട്. ഇതിൽ ഉൾപ്പെടാത്തത് പരിശുദ്ധാത്മാശക്തിയാൽ കന്യകയായ മറിയയിലൂടെ ജനിച്ച യേശു മാത്രമാണ്. *(ലൂക്കോസ് 1:35)* നമുക്ക് ഈ പാപസ്വഭാവം ലഭിച്ചത് നമ്മുടെ എല്ലാം പിതാ വായിരിക്കുന്ന ആദാമിൽ നിന്നുമാണ്. നാം ക്രിസ്ത്യാനികളായി മാറുമ്പോൾ നമ്മെ ആദാമിന്റെ കുടുംബത്തിൽ നിന്നും എടുത്ത് ദൈവകുടുംബത്തിൽ ജനിപ്പിക്കുകയും യോഹന്നാൻ 1:12-ൽ പഠിപ്പിക്കുന്നതുപോലെ ദൈവമക്കൾ എന്നു വിളിക്കപ്പെടുവാ നുള്ള അവകാശം ലഭിക്കുകയുമാണ് ചെയ്യുന്നത്.

### ഒരു ക്രിസ്ത്യാനി രക്ഷിക്കപ്പെട്ട ഒരു പാപിയാണ്.

*"....ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ഈ ലോകത്തിലേക്ക് വന്നു" (1 തിമോഥെയൊസ് 1:15)*

ക്രിസ്ത്യാനികൾ ദൈവത്താൽ രക്ഷിക്കപ്പെട്ട കൂട്ടമാണ്. ദൈവം അവർക്ക് അർഹിക്കപ്പെട്ട പാപങ്ങളുടെ ശിക്ഷയിൽ നിന്നുമാണ് രക്ഷിച്ചത്. ദൈവത്തിൽ നിന്നും എന്നെന്നേക്കുമായി അകന്നു ജീവിക്കുകയെന്നതായിരുന്നു പാപത്തിന്റെ ശിക്ഷ. ദൈവത്തിൽ നിന്നും എന്നെന്നേക്കുമായുള്ള ഈ വേർപാടിന് ബൈബിളിൽ വിളിക്കപ്പെടുന്നത് "നരകം" എന്നാണ്.

ദൈവത്തോടുള്ള അനുസരണക്കേടാണ് പാപം. ദൈവം **ചെയ്യരുത്** എന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങൾ- മോഷ്ടിക്കുക, കള്ളം പറയുക, കുല ചെയ്യുക മുതലായവ നാം ചെയ്യുമ്പോൾ നാം ദൈവത്തോട് അനുസരണക്കേട് കാണിക്കുകയാണ് ചെയ്യുന്നത്. അതേപോലെ തന്നെ നാം ചെയ്യണം എന്ന് ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ - മറ്റുള്ളവരെ ബഹുമാനിക്കുക, മാതാപിതാക്കളെ ബഹുമാനിക്കു ക, എല്ലാ കാര്യങ്ങളിലും ദൈവത്തിന് പ്രഥമസ്ഥാനം നൽകുക തുടങ്ങിയവ ചെയ്യുന്നതിൽ പരാജയപ്പെടുന്നതും ദൈവത്തെ അനുസരിക്കാത്തതിന് തുല്യമാണ്. ദൈവം സ്നേഹമാണ് എങ്കിൽ തന്നെയും താൻ വിശുദ്ധനായ ദൈവമായതിനാൽ പാപത്തിന് ശിക്ഷ നൽകാതെയിരിപ്പാൻ കഴിയുകയില്ല. നമ്മുടെ പാപത്തെ ക്കുറിച്ച് ദൈവത്തിന് കോപമുണ്ട് ഒരിക്കൽ അവൻ അതിനെ തീർച്ചയായും ശിക്ഷിക്കും. അവൻ നമ്മെ സ്നേഹിക്കുന്നതുകൊണ്ട് "***വരുവാനുള്ള കോപത്തെക്കുറിച്ച്***"നമുക്ക് മുന്നറിയിപ്പ് നൽകു കയും നാം കർത്താവായ യേശുക്രിസ്തുവിന്റെ നമുക്കായുള്ള ക്രൂശ് മരണത്തിൽ വിശ്വസിക്കുന്നുവെങ്കിൽ അവന്റെ ന്യായവി ധിയിൽ നിന്നും നമ്മെ വിടുവിക്കുന്നതിന് മനസ്സുള്ളവനാണ്.

### ഒരു ക്രിസ്ത്യാനി ക്ഷമ നൽകപ്പെട്ട ഒരു പാപിയാണ്.

***1 യോഹന്നാൻ 2:12 വായിക്കുക. "യേശുകർത്താവ് നമ്മുടെ പാപ ങ്ങൾക്കുവേണ്ടി മരിച്ചതുകൊണ്ട്"*** നാം വീണ്ടും ജനിക്കുമ്പോൾ ദൈവം നമ്മുടെ എല്ലാ പാപങ്ങളേയും ക്ഷമിക്കുന്നു ***(1 കൊരിന്ത്യർ 15:3).*** യേശുകർത്താവ് ക്രൂശിൽ മരിച്ചപ്പോൾ അവൻ നമ്മുടെ പാപ ങ്ങളെ വഹിക്കുകയും നമുക്ക് അർഹമായ ശിക്ഷാവിധി സഹിച്ചു എന്നുമാണ് ഇത് അർത്ഥമാക്കുന്നത്. തൽഫലമായി ദൈവത്തിന് നമ്മുടെ പാപങ്ങളെ ക്ഷമിക്കുവാനും അത് മായിച്ചു കളയുവാനും സാദ്ധ്യമാകുന്നു. ദാവീദ് രാജാവ് തന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ട തിന്റെ സന്തോഷത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്. "***ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ" (സങ്കീർത്തനം 32:1)***

ഈ കാര്യങ്ങളൊക്കെയും നിങ്ങളെ സംബന്ധിച്ച് സത്യമാ ണെങ്കിൽ ദൈവത്തിന് നന്ദി പറയുക. അല്ല എന്നുണ്ടെങ്കിൽ ഇന്നു തന്നെ ദൈവത്തിന്റെ ഒരു പൈതലാക്കി മാറ്റുവാൻ, പാപത്തിന്റെ ശിക്ഷയിൽ നിന്നും വിടുവിക്കുവാൻ, അവ നെതിരായി ചെയ്ത എല്ലാ കാര്യങ്ങളോടും ക്ഷമിക്കുവാൻ ദൈവത്തോട് അപേക്ഷിക്കുക. യേശുകർത്താവ് പറഞ്ഞത് ഓർക്കുക, ***"എന്നിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്" (1 യോഹന്നാൻ 6:47)***

1. "വീണ്ടും ജനനം" എന്നാൽ എന്താണെന്ന് നിങ്ങളാലാവും വിധം വ്യക്തമായി വിശദമാക്കുക.

..........................................................................................................

.......................................................................................................... 3

2. നിങ്ങൾ നിത്യജീവനെ അവകാശമാക്കുമ്പോൾ അത് ഒരിക്കലും നിങ്ങളിൽ നിന്നും എടുത്തു മാറ്റുവാൻ കഴിയുക യില്ല. ഈ പ്രസ്താവനയെ അംഗീകരിക്കുന്ന ഒരു വാക്യം യോഹന്നാൻ 10–ൽ നിന്നും എടുത്തെഴുതുക.

..........................................................................................................

.......................................................................................................... 2

3. എന്തുകൊണ്ട് എന്നതിന് ഒരു കാരണം എഴുതുക.

1. നാം എല്ലാവരും ദൈവത്തിന്റെ ഭവനത്തിലുള്ളവരാണ് എന്ന് പറയുവാൻ കഴിയുകയില്ല.

..........................................................................................................

2. യേശു കർത്താവ് ഭൂമിയിൽ ആയിരുന്നപ്പോൾ താൻ നമ്മിൽ നിന്നും വളരെ വ്യത്യസ്തനായിരുന്നു.

..........................................................................................................

3. നമുക്കെല്ലാവർക്കും ഒരു പാപസ്വഭാവമുണ്ട്.

.......................................................................................................... 6

4. A. ദൈവം നമ്മോട് ചെയ്യരുത് എന്ന് പറഞ്ഞിട്ടും നാം ചെയ്യുകയും ദൈവത്തിനെതിരായി പാപം പ്രവർത്തിക്കുകയും ചെയ്യുന്നതിന്റെ നാല് ഉദാഹരണങ്ങൾ എഴുതുക. (സഹായത്തിന് പുറപ്പാട് 20 വായിക്കുക) ......................

..........................................................................................................

..........................................................................................................

B. ദൈവം നമ്മോട് ചെയ്യുവാനായി ആവശ്യപ്പെടുമ്പോൾ അത് ചെയ്യാതെ പരാജയപ്പെടുന്നതിന്റെ രണ്ട് ഉദാഹരണ ങ്ങൾ എഴുതുക. (സഹായത്തിന് എഫെസ്യർ 6 വായിക്കുക) ..........................................

..........................................................................................................

.......................................................................................................... 6

5. ഒരു ക്രിസ്ത്യാനി രക്ഷിക്കപ്പെട്ട ഒരു പാപിയാണ്.

I. അവൻ എവിടെ നിന്നുമാണ് രക്ഷപ്പെട്ടത്? ..........................................................

II. ദൈവത്തിന് നമ്മെ രക്ഷിക്കണം എന്നതിനുള്ള ഏറ്റവും വലിയ തെളിവായി നിങ്ങൾ കരുതുന്നതെന്ത്?

.......................................................................................................... 4

6. . നിക്കോദെമോസ് എങ്ങനെയുള്ള മനുഷ്യനായിരുന്നു എന്നു വിവരിക്കുന്ന ഒരു വാക്യം എഴുതുക. നിങ്ങളുടെ ഉത്തരം നിങ്ങൾ യോഹന്നാൻ 3–ൽ വായിച്ച വാക്യത്തിൽ അടിസ്ഥാനപ്പെടുത്തുക.

..........................................................................................................

.......................................................................................................... 2

7. സങ്കീർത്തനം 32–ലെ ഭാഗ്യവാൻ എന്ന വാക്ക് "ഹേ സന്തോഷമേ" എന്നു തർജ്ജിമ ചെയ്യാവുന്നതാണ്. എന്തുകൊ ണ്ടാണ് ക്ഷമിക്കപ്പെട്ട ഒരു വ്യക്തി സന്തോഷിക്കുന്നത്?

..........................................................................................................

.......................................................................................................... 2

..........................................................................................................

25

ആകെ മാർക്ക്

## ക്രിസ്തീയ ജീവിതം

ഒരു പുതിയ ജീവിതം   യൂണിറ്റ് A

### പഠനം 2. മുമ്പും ശേഷവും

പേര്.............................................

**വായിക്കുക: എഫെസ്യർ 2:1–10**

**താക്കോൽവാക്യം: 1 പത്രോസ് 2:2**

**"ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ"**

ക്രിസ്ത്യാനികളെക്കുറിച്ചുള്ള ചില പ്രസ്താവനാവാചകങ്ങളാണ് നാം ഒന്നാമത്തെ പാഠത്തിൽ കണ്ടത്. മറ്റു ചില വാചകങ്ങൾ കൂടെ ക്രിസ്ത്യാനിയെക്കുറിച്ച് കൊടുത്തിരിക്കുന്നു.

**ഒരു ക്രിസ്ത്യാനി എന്നത് ദൈവത്തിങ്കലേക്ക് മാറിയ വ്യക്തിയാണ്.**

**അപ്പോസ്തലപ്രവൃത്തികൾ 3:19** ആളുകൾ മാറുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അവരുടെ മാറ്റത്തെയോ വഴിത്തിരിവിനെയോ ആണ്. ഒരു ആശയത്തിൽ നിന്നും മറ്റൊന്നിലേക്ക് തിരിഞ്ഞു എന്നാണ്. അവർ മുമ്പ് ചെയ്തിരുന്ന പാപപ്രവൃത്തികൾക്ക് പുറം തിരിയുകയും ഇപ്പോൾ അവർ ദൈവത്തെ പ്രസാദിപ്പിക്കുന്ന ജീവിതം ജീവിക്കുകയും ചെയ്യുന്നു. **അപ്പോ. പ്ര 26:18**-ൽ ക്രിസ്ത്യാനിയാവുക എന്നതിനെ "അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്കുള്ള" മാറ്റമായി പറഞ്ഞിരിക്കുന്നു. **അപ്പോ. പ്ര 14:15**-ൽ അത് മൂർത്തികൾക്ക് ബലിയർപ്പിക്കുന്നതിൽ നിന്നും സത്യദൈവത്തിങ്കലേക്ക് തിരിയുന്നതിനെ സൂചിപ്പിക്കുന്നു. ചിലർക്ക് ഈ ജീവിതമാറ്റം അവരുടെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട ചില വ്യതിയാനങ്ങൾക്ക് കാരണമാകുന്നു. മറ്റ് ചിലർക്ക് ഇതൊന്നും ഉണ്ടാകുന്നില്ല. ജീവിതത്തിലെ മാറ്റത്തെ സൂചിപ്പിക്കുന്ന ഏറ്റവും നല്ല ഉദാഹരണം തെസ്സലോനിക്യ പട്ടണത്തിലുള്ള ക്രിസ്ത്യാനികളുടേതാണ്. നാം അവരെക്കുറിച്ച് വായിക്കുന്നത് **"അവർ വിഗ്രഹങ്ങൾ വിട്ട് ദൈവത്തിങ്കലേക്ക് തിരിഞ്ഞു"** എന്നാണ്. **(1 തെസലോനിക്യർ 1:9–10)** അവർ ദൈവത്തിങ്കലേക്ക് മാറ്റപ്പെട്ട വ്യക്തികളാണ്.

**ഒരു ക്രിസ്ത്യാനി എന്നത് ദൈവവുമായി നിരപ്പു പ്രാപിച്ച വ്യക്തിയാണ്.**

***കൊലോസ്യർ 1:21*** നാം ക്രിസ്ത്യാനികളാകുന്നതിന് മുമ്പ് ദൈവത്തിന്റെ ശത്രുക്കളായിരുന്നു. എല്ലാ മനുഷ്യരും ദൈവത്തിന്റെ ശത്രുക്കളായി ജനിച്ചു. ആദാമിൽ നിന്നും ലഭിച്ച പാപസ്വഭാവം മൂലമാണ് നാം ദൈവത്തിന്റെ ശത്രുക്കളായി മാറിയത് കാരണം ഈ പാപസ്വഭാവം ദൈവത്തെ വെറുക്കുന്നു, ബൈബിളിനെ വെറുക്കുന്നു മാത്രമല്ല ദൈവത്തിന് എതിരായുള്ള കാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നു. നാം പൂർണ്ണഹൃദയത്തോടെ ദൈവത്തെ വെറുത്തു എന്ന് അർത്ഥമാക്കുന്നില്ല. മറിച്ച് നാം അവനെ സ്നേഹിച്ചില്ല എന്നും അവന്റെ വാക്കുകളെ സൂചിപ്പിക്കാതെ അവനെ പ്രസാദിപ്പിക്കുവാൻ ശ്രമിച്ചില്ല എന്നാണ്. എന്നാൽ നാം ക്രിസ്ത്യാനികളായി മാറുമ്പോൾ ദൈവം നമ്മുടെ ശത്രുത്വത്തെ എടുത്തു മാറ്റുകയും "***ദൈവവുമായി സമാധാനം***" നൽകുകയും ചെയ്യുന്നു. ***(റോമർ 5:1)*** കർത്താവായ യേശുക്രിസ്തുവിന്റെ മരണത്തിലൂടെയാണ് നാം ദൈവത്തോട് നിരപ്പു പ്രാപിച്ചത്. "***അവൻ നമ്മെ ക്രിസ്തു മൂലം തന്നോട് നിരപ്പിച്ചു***" ***(2 കൊരിന്ത്യർ 5:18)***

**ഒരു ക്രിസ്ത്യാനി എന്നത് ക്രിസ്തുവിലുള്ളവനാണ്.**

നാം ക്രിസ്ത്യാനികളാകുന്നതിനു മുമ്പ് "***ക്രിസ്തുവിനെ കൂടാതെ***" യുള്ളവരായിരുന്നു. ***(എഫെസ്യർ 2:12)*** അതായത് നാം നമ്മുടെ പൂർവ്വികപിതാവും പാപം ചെയ്തവനുമായ ആദാമിന്റെ കുടുംബത്തിലായിരുന്നു. നാമും അവനെപ്പോലെ പാപികളായിരുന്നു. എന്നാൽ നാം ***വീണ്ടും ജനിച്ചപ്പോൾ*** നമ്മുടെ പുതിയ കുടുംബത്തിന്റെ തലയായിരിക്കുന്ന ക്രിസ്തുവിന്റെ കുടുംബത്തിലേക്ക് ചേർക്കപ്പെട്ടു. ദൈവം നൽകുന്ന എല്ലാ അനുഗ്രഹങ്ങളും നമുക്ക് ക്രിസ്തുവിലൂടെ ലഭ്യമാകുന്നു. പൗലോസ് ഇപ്രകാരം പറയുന്നു, "***ദൈവം നമ്മെ സകല ആത്മീകാനുഗ്രഹങ്ങളാലും ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു." (എഫെസ്യർ 1:3).***

**ഒരു ക്രിസ്ത്യാനി എന്നത് പരിശുദ്ധാത്മാവ് അധിവസിക്കപ്പെടുന്നവൻ** എന്നാണ് ***(1 കൊരിന്ത്യർ 6:19)*** നാം ക്രിസ്ത്യാനികളാകുന്നതിന് മുമ്പ് നമ്മുടെ ജീവിതം നയിക്കപ്പെട്ടിരുന്നത് പാപസ്വഭാവത്താലാണ്. എന്നാൽ നാം ക്രിസ്ത്യാനികളാവുമ്പോൾ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു. ***(1 യോഹന്നാൻ 3:24)***. പരിശുദ്ധാത്മാവ് ഉണ്ട് എന്നുള്ളതുകൊണ്ട് അർത്ഥമാക്കുന്നത് നമുക്ക് പാപത്തെ വെറുക്കുന്നതും ദൈവത്തേയും അവന്റെ വചനത്തേയും സ്നേഹിക്കുന്ന ഒരു പുതിയ സ്വഭാവം പ്രകടമാകുന്നു എന്നാണ്. പരിശുദ്ധാത്മാവ് നമ്മെ പ്രലോഭനങ്ങളെ അതിജീവിക്കുവാനും സഹായിക്കുന്നു. അവൻ എല്ലായ്പോഴും ക്രിസ്ത്യാനികളോട് കൂടെയിരിക്കുന്നു. അവനൊരിക്കലും നമ്മെ കൈവിടുകയില്ല. ***(യോഹന്നാൻ 14:16–17 വായിക്കുക).***

**ഒരു ക്രിസ്ത്യാനി എന്നത് ദൈവത്തോട് കൂടെ ജീവിക്കുന്ന ഒരുവനാണ്.**

*എഫെസ്യർ 2:1.* നാം ക്രിസ്ത്യാനികളാവുന്നതിന് മുമ്പ് നാം മരിച്ചവരായിരുന്നു എന്നു പറഞ്ഞാൽ നാം അവനെ അറിയുകയോ സ്നേഹിക്കുകയോ മനസ്സിലാക്കുകയോ ദൈവവുമായി ഒരു കൂട്ടായ്മയോ ഇല്ല എന്നാണ് എന്നാൽ നാം ക്രിസ്തീയ വിശ്വാസികളായിത്തീരുമ്പോൾ പരിശുദ്ധാത്മാവ് നമ്മെ ദൈവത്തോട് അടുക്കും വിധം ജീവിപ്പിക്കുന്നു.

അങ്ങനെയെങ്കിൽ ഒരു ക്രിസ്ത്യാനിയെന്നത് പുതു ആത്മീയ ജീവിതം ലഭിച്ച വീണ്ടും ജനിച്ച പാപിയാണ്. ഇങ്ങനെയുള്ള വ്യക്തി പാപത്തോടുള്ള ബന്ധത്തിൽ ഉള്ള ദൈവിക ന്യായവിധിയിൽ നിന്നും രക്ഷ പ്രാപിച്ചവനും, എല്ലാ പാപങ്ങളും ക്ഷമിക്കപ്പെട്ടവനും എല്ലാ പാപവഴികളിൽ നിന്നും ദൈവത്തിങ്കലേക്ക് തിരിഞ്ഞവനും ദൈവത്തോട് നിരപ്പു പ്രാപിച്ച് ഇനിയൊരിക്കലും ദൈവവുമായി ശത്രുതയില്ലാതിരിക്കുകയും ചെയ്യുന്നവനാണ്. അങ്ങനെയുള്ള വ്യക്തി "***ക്രിസ്തുവിൽ***" ഉള്ളവനും ദൈവത്തിന്റെ കുടുംബത്തിൽ ദൈവാത്മാവിനാൽ വസിക്കപ്പെട്ടവനും ദൈവത്തിന് വേണ്ടി ജീവിക്കപ്പെട്ടവനുമാണ്. ഈ കാര്യങ്ങളെല്ലാം രക്ഷിക്കപ്പെടുന്ന സമയത്ത് നമുക്ക് മനസ്സിലാകുന്നില്ലെങ്കിൽ പോലും ഇതൊക്കെയും നമുക്ക് നൽകുന്ന ദൈവത്തോട് നാം തീർച്ചയായും നന്ദിയുള്ളവരായിരിക്കണം. നിങ്ങൾ നിങ്ങളുടെ പാപങ്ങളെയോർത്ത് ശരിയായി അനുതപിച്ച് യേശുകർത്താവിനെ നിങ്ങളുടെ രക്ഷിതാവായി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ഈ കാര്യങ്ങൾ നിങ്ങളോടുള്ള ബന്ധത്തിലും സത്യമാണ്. നിങ്ങൾ *"ഒരു പുതുസൃഷ്ടിയാണ് പഴയത് കഴിഞ്ഞുപോയി ഇതാ സകലവും പുതുതായിത്തീർന്നു" (2 കൊരിന്ത്യർ 5:17).*

**1** **A. ദൈവത്തോട് തിരികെ വരുന്നതിന് സാധാരണ ഉപയോഗിക്കുന്ന വാക്ക് ഏത്?** ......................................

**B. 1 തെസലോനിക്യർ 1:9 – 10 വായിച്ചതിനുശേഷം ആ ക്രിസ്തീയ വിശ്വാസികൾ ആദ്യം ദൈവത്തിങ്കലേക്ക് തിരിയുകയും അവർ സേവിക്കുകയും കാത്തിരിക്കുകയും ചെയ്തു. ഈ വ്യക്തികളുടെ ജീവിതത്തിൽ സംഭവിച്ച മാറ്റത്തെക്കുറിച്ച് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.**

..............................................................................................................................................

..............................................................................................................................................

**C. അപ്പോസ്തലപ്രവൃത്തികൾ 19:17 – 19 വായിക്കുക എഫെസോസിലുള്ള മന്ത്രവാദികൾ തങ്ങൾ ദൈവത്തിങ്കലേക്ക് തിരിഞ്ഞത് എങ്ങനെയാണ് വെളിപ്പെടുത്തിയത്?**......................................................................................

.............................................................................................................................................. 6

**2** **A. ദൈവത്തോട് നിരപ്പു പ്രാപിക്കുന്നത് എന്താണെന്ന് ചുരുക്കമായി എഴുതു.**...........................................

..............................................................................................................................................

**B. നാം ദൈവത്തോട് നിരപ്പു പ്രാപിക്കുന്നത് എന്തിന്?** .....................................................................

..............................................................................................................................................

**C. ദൈവത്തോട് നിരപ്പു പ്രാപിക്കുന്നത് എങ്ങനെയാണ് സാദ്ധ്യമാകുന്നത്?**...............................................

.............................................................................................................................................. 6

..............................................................................................................................................

**3** **ശരിയോ തെറ്റോ എന്ന് പ്രസ്താവിക്കുക.**

പരിശുദ്ധാത്മാവ് ഓരോ ക്രിസ്തീയവിശ്വാസിയുടേയും ഉള്ളിൽ വസിക്കുന്നു. .................

നാം നല്ല വിശ്വാസികളായി ജീവിക്കാതെയിരുന്നാൽ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുകയില്ല. .................

***1 കൊരിന്ത്യർ 6:19*** നമ്മെ പഠിപ്പിക്കുന്നത് നമ്മുടെ ശരീരങ്ങൾ പരിശുദ്ധാത്മാവിന്റെ ആലയം എന്നാണ്. .................

പരിശുദ്ധാത്മാവിനെ അയക്കും എന്നാണ് യേശുകർത്താവ് തന്റെ ശിഷ്യന്മാരോട് വാഗ്ദത്തം ചെയ്തത്. ............... 5

(യോഹന്നാൻ 14:16 – 17)

**4** **വായനാഭാഗം ഒരിക്കൽ കൂടെ വായിച്ചശേഷം ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

നാം ഒരിക്കൽ "മരിച്ചവരായിരുന്നു" എന്നത് എപ്രകാരമാണ്? ..................................................................

ദൈവം "സമ്പന്നൻ" ആയിരിക്കുന്നത് ഏതു രീതിയിലാണ്? .................................................................. 4

നാം ഏതിനാലാണ് രക്ഷ പ്രാപിക്കുവാൻ കഴിയാതിരിക്കുന്നത്? ..................................................................

നമ്മുടെ രക്ഷയുടെ ഉദ്ദേശ്യം എന്താണ്? ..................................................................

**5** **A. താക്കോൽ വാക്യം എഴുതുക.** ..............................................................................................

**B. ഇത് എന്താണ് അർത്ഥമാക്കുന്നത് എന്ന് വ്യക്തമാക്കുക.** ...................................................................... 4

..............................................................................................................................................

..............................................................................................................................................

25
ആകെ മാർക്ക്

## പഠനം 3. പുതുക്കപ്പെട്ട പ്രവൃത്തികൾ

പേര്.............................................

**വായനാഭാഗം: ലൂക്കോസ് 19:1–10**

**താക്കോൽവാക്യം: 2 കൊരിന്ത്യർ 5:17**

**"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയത് കഴിഞ്ഞുപോയി, ഇതാ അത് പുതുതായി തീർന്നിരിക്കുന്നു"**

നിങ്ങൾ ഒരു ക്രിസ്ത്യാനിയായിത്തീർന്നു. അത് എങ്ങനെ മനസ്സിലാക്കണം? അത് എപ്രകാരം ഉറപ്പാക്കാം?

ദൈവവചനം പറയുന്നത് ക്രിസ്ത്യാനികൾ പുതിയ സൃഷ്ടികളാണ് എന്നാണ്. "**പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതിയതായി തീർന്നിരിക്കുന്നു" (താക്കോൽവാക്യം).** നാം "**ജീവന്റെ പുതുക്കത്തിൽ**" നടക്കുവാനായി പറഞ്ഞിരിക്കുന്ന (റോമർ 6:4 കാണുക) ഇത് എന്താണ് അർത്ഥമാക്കുന്നത്?

സക്കായി എന്നു പേരുള്ള ഒരു മനുഷ്യനെക്കുറിച്ച് നാം വായനാഭാഗത്ത് കാണുന്നു. യേശുകർത്താവ് ജീവിച്ച അതേ കാലയളവിലാണ് ചുങ്കക്കാരനായ ഈ വ്യക്തിയും ജീവിച്ചത്. ഒരു ചുങ്കക്കാരൻ എന്ന നിലയിൽ ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന കരം റോമാക്കാർക്ക് നൽകുന്നതായിരുന്നു തന്റെ തൊഴിൽ. മറ്റുള്ള അനേക ചുങ്കക്കാരെപ്പോലെ താനും ജനങ്ങളോട് അതികഠിനമായി ഇടപെട്ട് അവരെ കബളിപ്പിക്കുന്ന ഒരുവനായിരുന്നിരിക്കാം. എന്നാൽ ഒരു ദിവസം യേശുകർത്താവ് അവനോട് **"ഈ വീട്ടിൽ രക്ഷ വന്നു" എന്ന്** പറയുകയുണ്ടായി **(ലൂക്കോസ് 19:9).** തനിക്ക് എങ്ങനെയാണ് ഇത് പറയുവാൻ കഴിഞ്ഞത്? സക്കായിയിൽ ഉണ്ടായ മാറ്റത്തെക്കുറിച്ച് യേശുകർത്താവിന് അറിയാമായിരുന്നു. യേശു കർത്താവിന് നമ്മുടെ ഹൃദയങ്ങളെ കാണുവാൻ സാധിക്കും മറ്റാരാലും ഇത് സാദ്ധ്യമല്ല. എന്നാൽ അതിനൊപ്പം തന്നെ ചില പ്രകടമായ മാറ്റങ്ങളും സക്കായിക്ക് ഉണ്ടായിരുന്നു.

**സക്കായിയുടെ ഹൃദയത്തിന് മാറ്റമുണ്ടായി.**

താൻ മുമ്പ് സ്വാർത്ഥനും ധനമോഹിയും ദുഷ്ടനുമായിരുന്നു എന്നാൽ ഇപ്പോൾ താൻ നല്ല മനസ്സുള്ളവനും കരുതുന്നവനുമായി മാറി. തന്റെ ധനത്തിന്റെ പകുതി താൻ വിറ്റ് ദരിദ്രർക്ക് കൊടുക്കാം എന്ന് വാഗ്ദാനം നൽകി. പൗലോസ് എന്ന് പിന്നീട് അറിയപ്പെട്ട ശൗലിനും ഇതു തന്നെയാണ് സംഭവിച്ചത്. താൻ ഒരു ക്രിസ്ത്യാനിയായിത്തീർന്നപ്പോൾ താൻ ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നത് നിർത്തുകയും അവരെ കരുതുന്നവനായി ത്തീരുകയും ചെയ്തു.

**സക്കായി താൻ ചെയ്ത തെറ്റുകളെ തിരുത്തി ശരിയാക്കുവാൻ ശ്രമിച്ചു.**

താൻ മുമ്പ് കബളിപ്പിച്ച വ്യക്തികൾക്ക് യഹൂദന്മാരുടെ ന്യായപ്രമാണം അനുശാസിക്കുന്നതിനേക്കാളും അധികമായി നാലുമടങ്ങ് തിരികെ നൽകുവാൻ ആഗ്രഹിച്ചു. ക്രിസ്ത്യാനികളായിത്തീർന്ന എല്ലാവരും തന്നെ എല്ലാ കാര്യങ്ങളും ശരിയാകുവാൻ എല്ലാ രീതിയിലും ശ്രമിക്കേണ്ടതാണ്.

സക്കായി ജനങ്ങളെ കബളിപ്പിക്കുന്നത് നിർത്തിയിട്ടുണ്ടാവണം. താൻ തെറ്റായി ചെയ്തതെല്ലാം ശരിയാക്കുവാൻ ശ്രമിച്ചതിലൂടെ കള്ളത്തരം കാണിക്കുന്നത് താൻ നിർത്തലാക്കി എന്നതാണ്. ഇതിനെയാണ് മാനസാന്തരം എന്നു പറയുന്നത്- ഹൃദയത്തിന്റെ മാറ്റം പെരുമാറ്റത്തിലുള്ള വ്യതിയാനത്തിന് വഴിയൊരുക്കുന്നു.

***"കള്ളൻ ഇനി കക്കരുത്" (എഫെസ്യർ 4:28)*** എന്ന് തിരുവചനം ക്രിസ്ത്യാനികളോട് പറയുന്നു. പൗലോസ് കൊരിന്തിൽ പ്രസംഗത്തിന് വന്നപ്പോൾ അവിടെ കുറെ അക്രമികൾ ഉണ്ടായിരുന്നു. അവർ രക്ഷിക്കപ്പെട്ടു എങ്കിലും അവരുടെ ജീവിതത്തിൽ യാതൊരു മാറ്റവും ഉണ്ടായിരുന്നില്ല. പൗലോസ് അവർക്കെഴുതിയ ലേഖനത്തിൽ വിഗ്രഹാരാധികളെക്കുറിച്ചും, കള്ളന്മാരെക്കുറിച്ചും, മദ്യപാനികളെ കുറിച്ചും, ദുർന്നടപ്പിൽ അകപ്പെട്ടവരെക്കുറിച്ചും പറഞ്ഞതിനുശേഷം ***"നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു എന്നാൽ നിങ്ങൾ നിങ്ങളെത്തന്നെ കഴുകി" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (1 കൊരിന്ത്യർ 6:11).***

എഫെസോസിൽ വിശ്വാസികളായിത്തീർന്നവരിൽ ചിലരൊക്കെ മുമ്പ് മന്ത്രവാദം ചെയ്യുന്നവരായിരുന്നു. അവർ രക്ഷിക്കപ്പെട്ടപ്പോൾ അവർ അവയെല്ലാം പരസ്യമായി നിർത്തലാക്കി. ***"ക്ഷുദ്രപ്രയോഗം ചെയ്തിരുന്ന പലരും തങ്ങളുടെ പുസ്തകങ്ങളെ കൊണ്ടുവന്ന് എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു" (അപ്പോസ്തലപ്രവൃത്തികൾ 19:19).*** ഈ കാര്യം അവരുടെ മനസ്സിന്റേയും സ്വഭാവത്തിന്റേയും പൂർണ്ണമായ മാറ്റത്തെ വെളിപ്പെടുത്തി- ശരിയായ പരിവർത്തനത്തിന്റെ തെളിവാണ് ഇത്.

ഈ കാലയളവിൽ ക്രിസ്ത്യാനികളാവുന്ന ചിലരൊക്കെയും ഇങ്ങനെയുള്ള ഭീകരമായ ചുറ്റുപാടിൽ നിന്നും വന്നവരാണ്. എന്നാൽ അനേകർക്കും ദൈവദൃഷ്ടിയിൽ ശരിയല്ലാത്ത നിരവധി പാപസ്വഭാവങ്ങളുണ്ട്. നാം ക്രിസ്ത്യാനികളാവുന്നതിന് മുമ്പ് കള്ളത്തരം, ചതി, മോഷണം, ചീത്തവർത്തമാനം എന്നിവ ചെയ്തിരുന്നവരാണെങ്കിൽ രക്ഷിക്കപ്പെട്ടതിനുശേഷം നമ്മുടെ സ്വഭാവത്തിൽ ഒരു മാറ്റം ഉണ്ടാകേണ്ടതാണ്. നാം അധികം ശക്തി പ്രാപിക്കേണ്ടത് ആവശ്യമാണ്- അത് നമ്മെ തെറ്റായ പ്രവൃത്തികളിൽ നിന്നും പാപത്തിൽ നിന്നും മറി കടക്കുവാൻ സഹായിക്കുന്ന ദൈവശക്തിയാണ്. ***"പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് വാഴരുത്.... പാപം നിങ്ങളിൽ കർതൃത്വം നടത്തുകയില്ലല്ലോ" (റോമർ 6:12–14).*** മുമ്പ് പാപത്തോട് "ഇല്ല" എന്നു പറയുവാൻ ബുദ്ധിമുട്ടായിരുന്നുവെങ്കിൽ ഇപ്പോൾ ക്രിസ്ത്യാനികൾക്ക് പ്രലോഭനത്തെ ചെറുക്കുവാനായി പരിശുദ്ധാത്മാവിന്റെ സഹായം ലഭ്യമാണ്. പഴയവഴികളേയും സ്വഭാവത്തേയും സംബന്ധിച്ച് നമ്മുടെ ജീവിതത്തിലെ വലിയ മാറ്റത്തോടൊപ്പം തന്നെ നമുക്ക് ദൈവത്തോടും ദൈവവചനമായ ബൈബിളിനോടും മറ്റ് ക്രിസ്ത്യാനികളോടും ഒരു പുതിയ സ്നേഹവും ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. മേൽപറഞ്ഞിട്ടുള്ള താക്കോൽ വാക്യത്തിലെ രണ്ട് ഭാഗങ്ങൾ ഓർക്കുക:- 1 ***"പഴയത് കഴിഞ്ഞുപോയി"*** (പാപവും ദുഷ്ടസ്വഭാവങ്ങളും), 2 ***"സകലവും പുതുതായിത്തീർന്നിരിക്കുന്നു"*** (ദൈവത്തോടുള്ള പുതിയ സ്നേഹവും, പുതുശക്തിയും, പുതു സ്വഭാവങ്ങളും).

ഇങ്ങനെയുള്ള മാറ്റത്തെ നിങ്ങളുടെ ജീവിതത്തിൽ വ്യക്തമാക്കുവാൻ നിങ്ങൾക്കു കഴിയുമോ? നിങ്ങൾ രക്ഷിക്കപ്പെട്ടു എന്നതിന്റെ ഏറ്റവും വലിയ തെളിവ് അതാണ്. അതു ലഭിച്ചതുകൊണ്ട് ദൈവത്തോട് നന്ദി പറയുക.

**1** **A.** ഏത് രീതിയിലാണ് പല ചുങ്കക്കാരും കളവ് കാണിച്ചത്?

.......................................................................................................................

.......................................................................................................................

**B.** സക്കായി യേശുവിന്റെ അനുഗാമിയായപ്പോൾ എങ്ങനെയാണ് സക്കായി തന്റെ ഹൃദയത്തിന്റെ മാറ്റം വ്യക്തമാക്കിയത്?

....................................................................................................................... 4

**2** **A.** ഒരു കള്ളൻ ക്രിസ്ത്യാനിയായ ശേഷം പിന്നീട് ഒരിക്കലും കക്കുവാൻ പാടില്ലാത്തത് എന്തുകൊണ്ട്? (എഫെ. 4:28)

.......................................................................................................................

.......................................................................................................................

**B.** തെറ്റായ സ്വഭാവങ്ങളും പാപങ്ങളും അതിജീവിക്കുവാൻ ഒരു ക്രിസ്ത്യാനിയെ ബലപ്പെടുത്തുന്ന അതിയായ ശക്തി എന്താണ്?

.......................................................................................................................

....................................................................................................................... 6

**3** വളരെ ദുഷ്ടത നിറഞ്ഞ ജീവിതം നയിച്ചതായിരുന്ന കൊരിന്തിലെ ആളുകളോട്, "നിങ്ങൾ കഴുകപ്പെട്ടിരിക്കുന്നു" എന്ന് പൗലോസ് എഴുതിയതിലൂടെ താൻ എന്താണ് അർത്ഥമാക്കിയിരിക്കുന്നത് എന്നാണ് നിങ്ങൾ കരുതുന്നത്? (1 കൊരി. 6:9 – 11)

.......................................................................................................................

....................................................................................................................... 4

.......................................................................................................................

**4** **A.** എഫെസോസിലുള്ള ആളുകൾ പുസ്തകങ്ങൾ കത്തിച്ചത് എന്തിനായിരുന്നുവെന്ന് ചുരുക്കമായി എഴുതുക (അപ്പോ പ്ര 19:17 – 19). .......................................................................................

.......................................................................................................................

**B.** ഈ പുസ്തകങ്ങൾ കത്തിച്ചതിന്റെ സമാന്തരമായ ഏതെങ്കിലും കാര്യം ഈ കാലയളവിൽ ചൂണ്ടിക്കാണിക്കുവാൻ സാധിക്കുമോ?

....................................................................................................................... 4

.......................................................................................................................

**5** താക്കോൽ വാക്യത്തിന്റെ രണ്ട് ഭാഗങ്ങളെക്കുറിച്ച് ഈ പഠനം കൊണ്ട് അർത്ഥമാക്കുന്നത് എന്താണെന്ന് വിവരിക്കുക?

....................................................................................................................... 4

.......................................................................................................................

**6** വളരെയടുത്ത് രക്ഷിക്കപ്പെട്ട ഒരു കൗമാരപ്രായമായ വ്യക്തിയെ സംബന്ധിച്ച് "പുതിയ ജീവിത" ത്തിന്റെ ഏതെല്ലാം തെളിവുകളാണ് ഈ കാലയളവിൽ വെളിപ്പെടുത്തേണ്ടത്? ..............................................

.......................................................................................................................

.......................................................................................................................

**25**

ആകെ മാർക്ക്

# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# ക്രിസ്തീയ ജീവിതം

**ഒരു പുതിയ ജീവിതം** **യൂണിറ്റ് A**

**പഠനം 4.** പുതുക്കപ്പെട്ട മനോഭാവങ്ങൾ

പേര്..............................................

**വായനാഭാഗം: അപ്പോസ്തലപ്രവൃത്തികൾ 16:11 – 15**

**താക്കോൽവാക്യം: 2 തിമോഥെയോസ് 3:15**

**"ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുന്നു..."**

ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ടതും പരസ്യമായി യാതൊരു വഴിപിഴച്ച ജീവിതശൈലി ഇല്ലാത്തതുമായ കുറെ യുവജനങ്ങൾ യേശുകർത്താവിൽ വിശ്വസിച്ച് ക്രിസ്ത്യാനികളായി എന്നു വിചാരിക്കുക. അങ്ങനെയെങ്കിൽ അവർ യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടു എന്നതിന് എന്ത് തെളിവാണുള്ളത്? അവർ ഒരിക്കൽ പോലും ചീത്തവർത്തമാനം ഉപയോഗിച്ചിട്ടില്ല, സ്കൂളിൽ നിന്നും പുറത്താക്കപ്പെട്ടിട്ടില്ല, മദ്യപാനത്തിനോ മറ്റ് ലഹരി വസ്തുക്കൾക്കോ അടിമകളും ആയിരുന്നില്ല. അവരുടെ ജീവിതത്തിൽ അവർ ഇപ്പോൾ രക്ഷിക്കപ്പെട്ടു എന്ന് ചൂണ്ടിക്കാണിക്കുവാനായി വളരെ നാടകീയമായ ഒരു മാറ്റം പ്രതീക്ഷിക്കുവാൻ സാധിക്കുകയില്ല. പൂർണ്ണമായ ഒരു സ്വഭാവവ്യതിയാനത്തിന്റെ അപര്യാപ്തത പലപ്പോഴും ഈ യുവതലമുറയെ തങ്ങൾ യഥാർത്ഥമായ രക്ഷിക്കപ്പെട്ടുവോ എന്ന് ചിന്തിപ്പിക്കുന്നു. നാം വായനാഭാഗത്ത് വായിച്ച ലുദിയ എന്ന സ്ത്രീ ഏകദേശം ഇതേപോലുള്ള ഒരു വ്യക്തിയാണ്- അവൾ ഒരിക്കലും ഒരു തെറ്റായ സ്വഭാവമുള്ളവളായിരുന്നില്ല. സത്യത്തിൽ അവൾ രക്ഷിക്കപ്പെട്ടത് തന്നെ ഒരു പ്രാർത്ഥനാ കൂടിവരവിൽ പങ്കെടുത്തതുകൊണ്ടാണ്.

നാം ക്രിസ്ത്യാനികളാണോ അല്ലയോ എന്നു പരിശോധിക്കുവാൻ നമുക്ക് മറ്റു ചില വഴികളുണ്ട്. നാം ക്രിസ്ത്യാനികളായിത്തീരുമ്പോൾ ദൈവം നാം ശരിക്കും പാപികളാണോ അല്ലയോ എന്നു നോക്കാതെ നമുക്ക് പുതു ജീവനും പുതിയ ആഗ്രഹങ്ങളും നൽകുന്നു. "ശരിക്കും പാപികൾ" എന്ന പ്രയോഗം നാം ശ്രദ്ധയോടെ ഉപയോഗിക്കണം കാരണം ദൈവദൃഷ്ടിയിൽ അങ്ങനെയുള്ള ഒരു വ്യത്യാസവുമില്ല. *റോമർ 3:23*- ൽ പറയുന്നതുപോലെ നാം എല്ലാവരും പാപികളാണ് എന്നതുതന്നെയാണ് സത്യം. ഈ രണ്ടാം ഘട്ടത്തിലെ പരിശോധന നമ്മിൽ പരീക്ഷിക്കുന്നത് നാം ഇപ്പോൾ എങ്ങനെയുള്ളവരാണെന്ന് നോക്കുവാനാണ് അല്ലാതെ നമ്മുടെ ജീവിതത്തിലെ വലിയ മാറ്റങ്ങളെ വിലയിരുത്തുവാനല്ല.

**ഒരു ക്രിസ്ത്യാനി ദൈവത്തെ സ്നേഹിക്കുവാൻ തുടങ്ങുന്നു.**

*1 യോഹന്നാൻ 4:19* നാം ക്രിസ്ത്യാനികളാവുന്നതിനു മുമ്പ് ദൈവത്തെ സ്നേഹിച്ചിരുന്നവരല്ല. സത്യത്തിൽ നാം അവനെ ഭീതിയോടെ നോക്കിയവരും അവനെ അറിയാത്തവരും ആയിരുന്നു എന്നാൽ നാം യേശുകർത്താവിൽ വിശ്വസിച്ചപ്പോൾ ദൈവം നമ്മെ അവനെ സ്നേഹിക്കുവാനും അവന് പ്രസാദമുള്ള കാര്യങ്ങൾ ചെയ്യുവാനും സഹായിച്ചു. ഈ ദൈവത്തോടുള്ള സ്നേഹം നമ്മെ അവനിഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്ത് അവനെ ദുഃഖിപ്പിക്കാതെയിരിക്കുവാനും ശ്രദ്ധ നൽകുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ നാം നമുക്കുവേണ്ടിയല്ലാതെ ദൈവത്തിനുവേണ്ടി ജീവിക്കുന്നു *(2 കൊരിന്ത്യർ 5:15).*

**ഒരു ക്രിസ്ത്യാനി മറ്റ് ക്രിസ്ത്യാനികളെ സ്നേഹിക്കാൻ തുടങ്ങുന്നു.**

നാം ക്രിസ്ത്യാനിയാകുന്നതിനു മുമ്പ് മറ്റ് ക്രിസ്ത്യാനികളെ ഒരു അന്യവ്യക്തിയെപ്പോലെയാണ് കരുതിയിരുന്നത്. എന്നാൽ ദൈവം നമ്മുടെ ജീവിതത്തിന് മാറ്റം നൽകിയപ്പോൾ അവൻ നമ്മുടെ സുഹൃത്തുക്കളെയും വ്യത്യാസപ്പെടുത്തുന്നു. നാം മറ്റ് ക്രിസ്ത്യാനികളെ ഇഷ്ടപ്പെടുവാൻ തുടങ്ങുന്നതിനൊപ്പം തന്നെ നാം അവർക്കൊപ്പമുള്ള സൗഹദബന്ധത്തിൽ സന്തോഷിക്കുന്നു. മറ്റ് ക്രിസ്ത്യാനികളെ സ്നേഹിക്കുന്നത് നാം രക്ഷിക്കപ്പെട്ടു എന്നതിന്റെ ഒരു തെളിവാണ്. *1 യോഹന്നാൻ 3:14* ഇപ്രകാരം രേഖപ്പെടുത്തുന്നു. *"നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്നത് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ അറിയാം"*

**ഒരു ക്രിസ്ത്യാനി ബൈബിളിനെ സ്നേഹിക്കുവാൻ തുടങ്ങുന്നു.**

നാം ഇതു വായിക്കുന്നതിൽ സന്തോഷം കൊള്ളുന്നു. ഇത്, മനസ്സിലാക്കുവാൻ വളരെ പ്രയാസമുള്ള ഒരു പുസ്തകമായതുകൊണ്ട് ഇതിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും ചിലപ്പോൾ ഗ്രഹിക്കുവാൻ കഴിയുകയില്ല. എന്നാൽ നാം ഇതിനെ കൂടുതൽ അഭിനന്ദിക്കുന്നു. ഇതിനു പറയാനുള്ളത് നാം മനസ്സിലാക്കുവാൻ തുടങ്ങുകയും നാം അത് വായിക്കുവാനും പഠിക്കുവാനും ആഗ്രഹിക്കുന്നു. പുതുതായി ഒരു കുട്ടി ജനിക്കുമ്പോൾ അതിന്റെ വളർച്ചയ്ക്ക് ആവശ്യമായ പാൽ നൽകുന്നതുപോലെ ഒരു പുതിയ ക്രിസ്ത്യാനി ***"വചനത്തിന്റെ പാൽ"*** എന്ന ബൈബിൾ ആഗ്രഹിക്കേണ്ടതാണ് *(1 പത്രോസ് 2:1 – 3 വായിക്കുക).*

**ഒരു ക്രിസ്ത്യാനി മറ്റുള്ളവരും ക്രിസ്ത്യാനികളാകാൻ ആഗ്രഹിച്ചു തുടങ്ങുന്നു.**

നാം നമ്മുടെ സുഹൃത്തുക്കളേയും ഭവനക്കാരേയും അവരുടെ രക്ഷയ്ക്കായി പ്രാർത്ഥിക്കുന്നതിന് ക്ഷണിക്കുന്നു. നാം പൗലോസിന്റെ ഉദാഹരണത്തെ അനുകരിക്കുവാൻ ശ്രമിക്കുന്നു. താൻ ഇപ്രകാരം പറയുന്നു, ***"അവർ രക്ഷിക്കപ്പെടണം എന്നു തന്നെ എന്റെ ഹൃദയവാഞ്ചയും ദൈവത്തോടുള്ള എന്റെ യാചനയും ആകുന്നു"*** *(റോമർ 10:1).*

**ഒരു ക്രിസ്ത്യാനി താൻ ദൈവത്തെ പ്രസാദിപ്പിക്കുവാനായി വിശുദ്ധ ജീവിതത്തിന് ശ്രമിക്കുന്നവനാണ്.**

***1 യോഹന്നാൻ 3:2 – 3.*** ഒരു അവിശ്വാസി അഥവാ രക്ഷിക്കപ്പെടാത്ത ഒരു വ്യക്തി ഒരിക്കലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ താൽപര്യമുള്ളവനല്ല. അവൻ തനിക്കുവേണ്ടിത്തന്നെ ജീവിക്കുന്നവനാണ്. എന്നാൽ നാം രക്ഷിക്കപ്പെടുമ്പോൾ ദൈവം നമ്മുടെ ഹൃദയത്തിൽ ദൈവത്തോടും അവനെ പ്രസാദിപ്പിക്കുന്നതിനോടുമുള്ള സ്നേഹത്തെ നൽകുന്നു. ദൈവത്തെ പ്രസാദിപ്പിക്കാത്ത കാര്യങ്ങളെക്കുറിച്ച് നാം ബൈബിൾ വായിക്കുമ്പോൾ മനസ്സിലാക്കുന്നു. അപ്പോൾ ഈ കാര്യങ്ങൾ ചെയ്യുന്നതിൽ നിന്നും ആഗ്രഹിക്കാതെയിരിക്കുകയും ഇവ ഒഴിവാക്കുവാൻ ദൈവം തന്റെ പരിശുദ്ധാത്മാവിലൂടെ നമ്മെ സഹായിക്കുകയും ചെയ്യുന്നു. അവനെ പ്രസാദിപ്പിക്കുന്ന കാര്യങ്ങളും ബൈബിളിൽ നിന്ന് നാം മനസ്സിലാക്കുകയും അവ പ്രവർത്തിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ നാം ഒരിക്കൽ ക്രിസ്ത്യാനികളായിത്തീരുമ്പോൾ പിന്നീട് ഒരിക്കലും പാപം ചെയ്യുന്നില്ല എന്ന് ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല. എന്നാൽ ഓരോ ദിവസം കഴിയുന്തോറും നാം യേശുകർത്താവിനെപ്പോലെയായിക്കൊണ്ടിരിക്കുന്നു.

ഇവയെല്ലാമാണ് 'പുതുജനനത്തിന്റെ' ചില തെളിവുകൾ. ഇവയെല്ലാം ക്രിയാത്മകമായ കാര്യങ്ങളാണ് എന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. നാം പലപ്പോഴും ക്രിസ്തീയ ജീവിതത്തെ നിഷേധാത്മകമായ വാക്കുകളോടെയാണ് സമീപിക്കാറുള്ളത്. നാം ചെയ്യാത്തതും പറയാത്തതുമായ കാര്യങ്ങൾ. ആത്മീയ ജീവിതത്തിന്റെ ക്രിയാത്മാകമായ വശങ്ങൾ മാത്രം ശ്രദ്ധിക്കുന്നതാണ് ഏറ്റവും നല്ലത്. ഈ വെല്ലുവിളി ഇന്നു സ്വീകരിക്കുമോ? നിങ്ങളെത്തന്നെ ഈ പരിശോധനയ്ക്ക് സജ്ജമാക്കുക!

## പഠനം 4. പുതുക്കപ്പെട്ട മനോഭാവങ്ങൾ

**1** A. റോമർ 3:23 എഴുതുക ..........

..........

B. ഇത് എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങളുടെ വാക്കുകളിൽ എഴുതുക. ..........

..........

.......... 2

**2** *1 യോഹന്നാൻ 4:19* നോക്കിയശേഷം ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

A. "അവൻ ആദ്യം സ്നേഹിച്ചു" എന്നതിന്റെ ഏറ്റവും വലിയ തെളിവായി നിങ്ങൾ കരുതുന്നത് എന്ത്? ..........

..........

B. ഒരു ക്രിസ്ത്യാനി താൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് വെളിപ്പെടുത്തുന്നത് എങ്ങനെ? .......... 2

..........

**3** യേശുകർത്താവ് ക്രിസ്ത്യാനികളോട് തമ്മിൽ തമ്മിൽ സ്നേഹിക്കുവാനായി കല്പിച്ചിരിക്കുന്നത് കണ്ടെത്തുവാൻ *യോഹന്നാൻ 13:34* എടുത്തെഴുതുക.......... 3

..........

**4** പുതിയ ക്രിസ്ത്യാനികൾക്ക് മറ്റുള്ള ക്രിസ്ത്യാനികളോട് ശരിയായ 'ക്രിസ്തീയ സ്നേഹം' എങ്ങനെ പ്രദർശിപ്പിക്കാം എന്നതിന് ചില പ്രായോഗിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക. .......... 2

..........

**5** വിട്ടുപോയ വാക്യത്തിന്റെ സംഖ്യകൾ പൂരിപ്പിക്കുക.

"അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം അവനെ സ്നേഹിക്കുന്നു"

"നാം സഹോദരന്മാരെ സ്നേഹിച്ചതുകൊണ്ട് മരണത്തിൽ നിന്നും ജീവനിലേക്ക് കടന്നിരിക്കുന്നു"

"ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ"

*1 യോഹന്നാൻ 3:* ______, *1 പത്രോസ് 2:* ______, *1 യോഹന്നാൻ 4:* ______ 3

**6** *1 പത്രോസ് 2:1 – 3* വായിച്ചശേഷം ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ബൈബിളിനോട് ഒരു ക്രിസ്ത്യാനിയുടെ മനോഭാവം എന്തായിരിക്കണം? ..........

..........

ചില ക്രിസ്ത്യാനികൾ ബൈബിൾ വായിക്കാതെ ഒഴിവാക്കുന്നതിന്റെ ചില കാരണങ്ങൾ നിർദ്ദേശിക്കുക. ..........

..........

നാം ബൈബിൾ വായിക്കുന്നതിൽ ഉപേക്ഷ കാണിച്ചാൽ അത് എപ്രകാരമാണ് നമ്മുടെ ആത്മീയ വളർച്ചയെ ബാധിക്കുന്നത്?.......... 6

**7** *2 തിമോഥെയോസ് 3:15 – 16* വായിച്ചശേഷം ചുവടെയുള്ളവയ്ക്ക് ഉത്തരം എഴുതുക.

**I.** വിശുദ്ധ തിരുവെഴുത്തുകൾ ആരാലാണ് നിശ്വസിക്കപ്പെട്ടത്? ..........

**II.** ബൈബിളിലെ എത്രമാത്രം ഭാഗങ്ങളാണ് മാനുഷിക ചിന്താഗതിയിൽ എഴുതപ്പെട്ടത്? ..........

**III.** എങ്ങനെയാണ് തിരുവെഴുത്തുകൾക്ക് ഒരു വ്യക്തിയെ ജ്ഞാനിയാക്കുവാൻ കഴിയുന്നത്? ..........

**IV.** തിരുവെഴുത്തുകൾ പ്രയോജനപ്രദമായിരിക്കുന്ന നാല് കാര്യങ്ങൾ എഴുതുക.

..........

.......... 7

100
യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25
ആകെ മാർക്ക്

© Bible Educational Services, P.O Box - 9, MOOKANNUR P.O., 683577, Ernakulam, KERALA ,E-mail : besindia1@gmail.com, www.besweb.org